പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3349 25-06-12 ൽ മറുപടിക്ക്

## സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ

| | | | |
|---|---|---|---|
| ചോദ്യം: | | ഉത്തരം: | |
| ശ്രീ.എം.പി.വിൻസെന്റ് : | | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | ധനകാര്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ഏതൊക്കെ ലൈസൻസുകൾ വേണമെന്ന് വ്യക്തമാക്കുമോ ; | (എ) | കേരളത്തിലെ ധനകാര്യ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത് കമ്പനീസ് ആക്റ്റ്, ബാങ്കിംഗ് റെഗുലേഷൻ ആക്റ്റ്, പ്രൈസ് ചിറ്റ്സ് ആന്റ് മണി സർക്കുലേഷൻ സ്കീംസ് (ബാനിംഗ്) ആക്റ്റ്, മണി ലെൻഡേഴ്സ് ആക്റ്റ് എന്നീ വിവിധ നിയമങ്ങൾ മുഖേനയാണ്. വാണിജ്യ നികുതി വകുപ്പിന്റെ അധികാര പരിധിയിൽ വരുന്നത് കേരള മണി ലെൻഡേഴ്സ് ആക്റ്റ് 1958 ആണ്. ടി ആക്റ്റ് പ്രകാരം ഒരു മണിലെൻഡർ പ്രസ്തുത നിയമത്തിൻ കീഴിൽ ലൈസൻസ് എടുക്കേണ്ടതാണ്. |
| (ബി) | സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ നടത്തുന്നതിന് സർക്കാരിന്റെ ഏതൊക്കെ മാനദണ്ഡങ്ങൾ പാലിക്കണമെന്ന് വ്യക്തമാക്കുമോ ? | (ബി) | വാണിജ്യ നികുതി വകുപ്പിന്റെ അധികാര പരിധിയിൽ വരുന്ന കേരള മണിലെൻഡേഴ്സ് ആക്റ്റ്, 1958 പ്രകാരം ഒരു മണിലെൻഡർ ലൈസൻസ് എടുക്കേണ്ടതാണ് (വകുപ്പ് 3). മണിലെൻഡർ, ലൈസൻസ് ലഭിക്കുന്നതിനായി ലൈസൻസ് ഫീ, സെക്യൂരിറ്റി എന്നിവ ഒടുക്കേണ്ടതാണ് (വകുപ്പ് 4). ഒരു മണിലെൻഡറും കൊമേഴ്സ്യൽ ബാങ്കുകൾ ഈടാക്കുന്നതിൽ നിന്നും 2 ശതമാനത്തിൽ കൂടുതൽ പലിശ ഈടാക്കുവാൻ പാടില്ല (വകുപ്പ് 7(1)). മണിലെൻഡർ രസീതുകൾ നൽകേണ്ടതാണ് (വകുപ്പ് 9). ഇതുപുറമേ ടി നിയമത്തിലെയും, ബന്ധപ്പെട്ട ചട്ടങ്ങളിലെയും മറ്റു വ്യവസ്ഥകളും പാലിക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ